എൽ.എഫ്.എം16/853/2013

മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പിൻ. 676 505 ഫോൺ. 0483 2734951
ddlfampm@gmail.com

തീയതി 16-7-2013

# <u>മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 മുതൽ 2011-12 വരെ സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*<u>(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ്, * 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)</u>*

---

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. കെ. കെ. ശശിധരൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.**

---

അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം : എൽ.എഫ്.എം2/686/2010 തിയ്യതി 4-10-10 (2009-10) 2010-11, 2011-12 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ റിപ്പോർട്ടിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

---

## <u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

***തിരൂരങ്ങാടി ബ്ലോക്ക്*** പഞ്ചായത്തിന്റെ **2008-09 മുതൽ 2011-12 വരെയുള്ള** സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

*തിരൂരങ്ങാടി ബ്ലോക്ക്* പഞ്ചായത്തിന്റെ 12-12-09 മുതൽ 31-1-2013 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

LOCAL FUND AUDIT DEPARTMENT

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 08-04-2013 മുതൽ<br>04-05-2013 വരെ | ശ്രീ. ഉണ്ണി പൂതംകുറ്റി, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പി. അബ്ദുന്നാസർ<br>(11-4-2013 മുതൽ)<br>ശ്രീ. എം. പി. അബ്ദുൽ റഷീദ്<br>(16-4-13 മുതൽ 19-4-13 ഒഴികെ)<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ |

## നിർവഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | 1. ശ്രീ.എം.എ. ഖാദർ | 1-4-2008 മുതൽ 1-10-2010 വരെ | |
| | 2. ശ്രീമതി. വി.വി. ജമീല ടീച്ചർ | 1-11-2010 മുതൽ 31-3-2012 വരെ | |
| | (1-10-10 മുതൽ 31-10-2010 വരെ സ.ഉ. (പി) 228/2010 തസ്വഭവ. തിയ്യതി 30-9-10 പ്രകാരം ശ്രീ. സി. കെ. സേവ്യർ, സെക്രട്ടറി ശ്രീ. പി. കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി. വിമല. ടി. സി., ഡി.പി.ഒ എന്നിവർക്ക് ചുമതല) | | |
| സെക്രട്ടറി | 1. ശ്രീ. കെ.ടി. അബ്ദുൽ ഹമീദ് | 1-4-08 മുതൽ 15-12-2009 വരെ | |
| | 2. ശ്രീ. ഡി.സത്യൻ (ബി.ഡി.ഒ. വേങ്ങര ഫുൾ അഡീഷണൽ ചാർജ്) | 16-12-09 മുതൽ 12-1-10 വരെ. | |
| | 3. ശ്രീ. ടി. വി. സുരേന്ദ്രൻ | 13-1-10 മുതൽ 3-5-10 വരെ | |
| | 4. ശ്രീമതി. സുഭദ്രകുമാരി. സി. | 3-5-10 എ.എൻ. മുതൽ 14-6-10 വരെ | |
| | 5. ശ്രീ. സി.കെ. സേവ്യർ | 15-6-10 മുതൽ 16-2-2011 വരെ | |
| | 6. ശ്രീമതി. എം. സി. പത്മിനി | 18-2-11 മുതൽ 23-2-11 വരെ | |
| | 7. ശ്രീ. ടി. സുധാകരൻ | 25-2-11 മുതൽ 1-6-11 വരെ | |
| | 8. ശ്രീ. കെ. എൻ. അബൂബക്കർ | 2-6-11 മുതൽ 29-7-11 വരെ<br>1-9-1 മുതൽ 31-3-12 വരെ | |
| | 9. ശ്രീ. കെ. ഗോപാലകൃഷ്ണൻ | 17-2-11, 24-2-11 & 30-7-11 മുതൽ 31-8-11 വരെ | |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ | 1. ധനകാര്യം (വൈസ് പ്രസിഡണ്ട്) | ശ്രീ. കെ. ടി. കുഞ്ഞാപ്പുട്ടി | 1-4-08 മുതൽ 1-10-10 വരെ |
| | | ശ്രീ.എൻ.എം. അൻവർ സാദത്ത് | 1-11-10 മുതൽ 31-3-12 വരെ |
| | 2. വികസനം | ശ്രീ. മുഹമ്മദ്കുട്ടി മുൻഷി | 1-4-08 മുതൽ 1-10-10 വരെ |
| | | ശ്രീമതി. പി.എം. സുബൈദ ടീച്ചർ | 1-11-10 മുതൽ 31-3-12 വരെ |
| | 3. ക്ഷേമകാര്യം | ശ്രീമതി. സി. പി. ജമീല അബൂബക്കർ | 1-4-08 മുതൽ 1-10-10 വരെ. |
| | | ശ്രീ.കെ.എം. മൊയ്തീൻ | 1-11-10 മുതൽ 31-3-12 വരെ |
| | 4. ആരോഗ്യം-വിദ്യാഭ്യാസം | ശ്രീമതി. കല്യാണി | 1-11-2010 മുതൽ |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| | | രാമചന്ദ്രൻ | 31-3-2012 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| 1. സി.ഡി.പി.ഒ. | ശ്രീമതി. വിമല. ടി. | 1-4-08 മുതൽ 31-3-12 വരെ |
| 2. എസ്.സി.ഡി.ഒ. | ശ്രീ. പി. വാസുദേവൻ | 1-4-08 മുതൽ 24-6-11 വരെ |
| | ശ്രീമതി. എസ്. വിജയലക്ഷ്മി | 30-6-11 മുതൽ 31-3-12 വരെ |
| | (25-6-11 മുതൽ 29-6-11 വരെ ആർക്കും നിർവ്വഹണ ചുമതലയില്ല) | |
| 3. ക്ഷീര വികസന ഓഫീസർ | ശ്രീമതി. രമാദേവി | 1-4-08 മുതൽ 29-7-08 വരെ |
| | ശ്രീ. വി. പി. ഹംസ | 30-7-08 മുതൽ 25-10-08 വരെ<br>24-1-11 മുതൽ 31-3-11 വരെ |
| | ശ്രീമതി. സജിനി. ഒ | 26-10-08 മുതൽ 21-4-09<br>4-7-09 മുതൽ 31-5-10 വരെ<br>1-4-11 മുതൽ 31-3-12 വരെ |
| | ശ്രീമതി. ഷീബാ ഖമർ | 22-4-09 മുതൽ 3-7-09 വരെ |
| | ശ്രീമതി. ശ്യാമള. കെ. എസ്. | 1-6-10 മുതൽ 3-1-11 വരെ |
| 4. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. നെടുവ) | ശ്രീ. ഇ. പി. ഉണ്ണികൃഷ്ണൻ | 1-4-08 മുതൽ 6-7-08 വരെ |
| | ശ്രീ.എ.എം. അഹമ്മദ് എന്ന കുഞ്ഞാവുട്ടി. | 6-7-08 മുതൽ 8-6-10 വരെ. |
| | ശ്രീ. വി. പി. രാധാകൃഷ്ണൻ | 8-7-10 മുതൽ 31-3-12 വരെ |
| | (9-6-10 മുതൽ 7-7-10 വരെ ആർക്കും പദ്ധത നിർവ്വഹണ ചുമതലയില്ല) | |
| 5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ടി. പി. മൊയ്തീൻകുട്ടി | 1-4-08 മുതൽ 4-4-2010 വരെ. |
| | ശ്രീ. പി. കൃഷ്ണൻകുട്ടി | 5-4-10 മുതൽ 31-3-12 വരെ |
| 6. സൂപ്രണ്ട്, താലൂക്ക് ആശുപത്രി തിരൂരങ്ങാടി. | ശ്രീ. പി. സുരേന്ദ്രൻ | 31-5-08 - 20-3-09,<br>13-4-09 - 31-10-09<br>14-12-09 - 2-6-10 |
| | ശ്രീമതി. യു. സക്കീന | 21-3-09 മുതൽ 12-4-09 വരെ<br>31-10-09 മുതൽ 14-12-09 വരെ |
| | ശ്രീമതി. വൈ. മുംതാസ് | 2-6-10 മുതൽ 23-6-10 വരെ |
| | ശ്രീമതി. പി. സി. അന്നമ്മ | 23-6-10 മുതൽ 9-9-10 വരെ |
| | ശ്രീ. ഇ. മോഹനൻ | 9-9-10 മുതൽ 20-8-11 വരെ |
| | ശ്രീ. മോയിൻ മാമുണ്ണി | 20-8-11 മുതൽ 2-9-11 വരെ |
| | ശ്രീമതി. സരളാ നായർ | 2-9-11 മുതൽ 31-3-12 വരെ. |

LOCAL FUND AUDIT DEPARTMENT

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1. പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2. വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :**

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 3. ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :**
ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

**ഭാഗം 4. ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും :**
സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധ പത്രികകൾ :**
ഓഡിറ്റ് സർട്ടിഫിക്കറ്റ്.

## ഭാഗം. 1
## പൊതു അവലോകനം

**(1-1)** (എ) തദ്ദേശ സ്വയംഭരണ സ്ഥാപനം-അടിസ്ഥാന വിവരങ്ങൾ.

ഏഴ് ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന തിരൂരങ്ങാടി ബ്ലോക്ക് 1958 ലാണ് നിലവിൽ വന്നത്. കർഷകരും, മത്സ്യ തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഗൾഫ് നാടുകളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുമാണ് ജനസംഖ്യയിൽ ഭൂരിഭാഗവും.

വിസ്തീർണ്ണം : 142. 10 ച. കി.മീ.
ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ : 7 (തിരൂരങ്ങാടി, പരപ്പനങ്ങാടി, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, മൂന്നിയൂർ, നന്നമ്പ്ര, പെരുവള്ളൂർ)

അതിരുകൾ : കിഴക്ക് വേങ്ങര ബ്ലോക്ക് പഞ്ചായത്ത്
: പടിഞ്ഞാറ്- അറബിക്കടൽ
: വടക്ക് - കോഴിക്കോട് ജില്ല-കൊണ്ടോട്ടി ബ്ലോക്ക്
: തെക്ക് - താനൂർ ബ്ലോക്ക്
ജനസംഖ്യ : 2,96,034
സാക്ഷരത : 70. 87%

(1-1) (ബി) : ബഡ്ജറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 2008-09 മുതൽ 2011-12 വരെ കാലയളവിലെ ബഡ്ജറ്റ് പാസ്സാക്കിയതിന്റെ വിവരം, ബഡ്ജറ്റ് പ്രകാരമുള്ള വരവ്, ചെലവ് എന്നിവയുടെ വിവരം

| | | ബജറ്റ് പ്രകാരമുള്ള | |
|---|---|---|---|
| സാമ്പത്തിക വർഷം | നമ്പർ/തിയ്യതി | വരവ് | ചെലവ് |
| 2008-09 | I/4-3-08 | 38,78,34,000 | 38,38,90,000 |
| 2009-10 | I/22-3-10 | 84,36,82,000 | 84,32,24,000 |
| 2010-11 | I/28-2-11 | 31,41,46,300 | 31,36,84,300 |
| 2011-12 | I/26-3-12 | 20,34,73,190 | 19,21,62,810 |

1(1)(സി) : എ.എഫ്.എസ്. - രജിസ്റ്ററുകൾ ഇവയിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| വർഷം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | എ.എഫ്.എസ് | 1,22,92,411 | 4,35,00,900 | 5,57,93,311 | 3,63,15,265 | 1,94,78,046 |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| | പ്രകാരം | | | | | |
| 2008-09 | രജിസ്റ്ററുകൾ പ്രകാരം | 1,21,53,914 | 4,34,32,315 | 5,55,86,229 | 3,61,56,149 | 1,94,30,080 |
| 2009-10 | എ.എഫ്.എസ് പ്രകാരം | 1,94,20,178 | 4,72,09,901 | 6,66,30,079 | 3,41,90,861 | 3,24,39,218 |
| | രജിസ്റ്ററുകൾ പ്രകാരം | 1,94,30,080 | 4,91,42,837 | 6,85,72,917 | 3,60,87,092 | 3,24,85,825 |
| 2010-11 | എ.എഫ്.എസ് പ്രകാരം | 3,25,19,994 | 6,70,51,469 | 9,95,71,413 | 5,07,28,460 | 4,88,42953 |
| | രജിസ്റ്ററുകൾ പ്രകാരം | 3,24,85,825 | 6,70,67,148 | 9,95,52,973 | 5,07,54,448 | 4,87,98,525 |
| 2011-12 | എ.എഫ്.എസ് പ്രകാരം | 4,88,36,050 | 7,18,17,082 | 12,06,53,132 | 6,13,75,224 | 5,92,77,908 |
| | രജിസ്റ്ററുകൾ പ്രകാരം | 4,97,98,525 | 7,18,17,082 | 12,06,15,607 | 6,13,75,224 | 5,92,77,908 |

LOCAL FUND AUDIT DEPARTMENT

(1-2) <u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

കാഷ്ബുക്ക് എഴുതുന്നുണ്ടെങ്കിലും വരവുകളുടെയും ചെലവുകളുടെയും ക്ലാസ്സിഫിക്കേഷൻ രേഖപ്പെടുത്തുന്നില്ല. വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ പ്രതിമാസ അക്കൗണ്ടുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല. ട്രഷറി/ബാങ്ക് ഇൻവെസ്റ്റുമെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ കാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ച ശേഷം അതിന് വൗച്ചർ നമ്പർ നൽകിയാണ് കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടത്. അലോട്ട്മെന്റ് നൽകി, തൊട്ടടുത്ത മാസം 5-ാം തിയ്യതിക്ക് മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിഷ്കർഷിക്കേണ്ടതാണ്.

ട്രഷറി ബില്ലുകളുടെ പകർപ്പ് വൗച്ചർ നമ്പർ നൽകി കാഷ്ബുക്കിൽ രേഖപ്പെടുത്തി ക്രമത്തിൽ പ്രത്യേകം സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. നിലവിൽ ട്രഷറി ബില്ലുകളുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കുന്ന രീതിയാണ് തുടരുന്നത്.

(1-3) <u>പദ്ധതി നടത്തിപ്പ്, പൂർത്തീകരിക്കാത്ത പ്രവൃത്തികൾ</u>

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ വാർഷിക പദ്ധതി രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(1) - 3(4) ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ പദ്ധതി തുക നിക്ഷേപിച്ച് പൂർത്തിയാകാൻ അവശേഷിക്കുന്നതിന്റെ വിശദാംശം ഖണ്ഡിക 3(12) ൽ വിവരിക്കുന്നുണ്ട്.

(1-4) <u>ഗ്രാമസഭകളുടെ പ്രവർത്തനം</u>

2008-09 വർഷത്തിൽ രണ്ടു തവണയും 2009-10 മുതൽ 2011-12 കാലയളവിൽ ഗ്രാമസഭ ഓരോ തവണ മാത്രമാണ് ചേർന്നു കാണുന്നത്. പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ ശേഖരിക്കാൻ മാത്രമാണ് ഗ്രാമസഭ ചേരുന്നത്. പങ്കാളിത്തം വർദ്ധിപ്പിച്ച് പദ്ധതി രൂപീകരണവും, നിർവ്വഹണവും ഫലപ്രദമാക്കാൻ ഉപയോഗപ്പെടുത്തേണ്ടതാണ്.

(1-5) <u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വികസന സെമിനാറിൽ അംഗീകരിച്ച പ്രൊജക്ട് നിർദ്ദേശങ്ങളിൽ നിന്ന് വിശദമായ പ്രൊജക്ട് തയ്യാറാക്കുന്നത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഘട്ടത്തിൽ മോണിറ്ററിംഗ് സംവിധാനമായി പ്രവർത്തിക്കാനുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

(1-6) <u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

(1-7) <u>ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ- വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.</u>

കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 13 പ്രകാരമുള്ള വ്യവസ്ഥകൾ, ഗുണഭോക്തൃ സമിതി വഴി നടത്തപ്പെടുന്ന മരാമത്ത് പ്രവൃത്തികളിൽ പാലിക്കപ്പെടുന്നില്ല.

1. <u>*കരാർ ഉടമ്പടി*</u>

ഗുണഭോക്തൃ സമിതിയിലെ മുഴുവൻ അംഗങ്ങളും ചേർന്ന് പഞ്ചായത്തുമായി കരാർ ഉടമ്പടി വെയ്ക്കണമെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്.

2. <u>*പ്രാരംഭ നടപടികൾ*</u>

കരാർ ഉടമ്പടി വെച്ചാൽ ഉടമ്പടിയുടെ പകർപ്പ്, മലയാളത്തിലുള്ള എസ്റ്റിമേറ്റ് തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകണം. പ്രവൃത്തിയുടെ അളവ്, നിരക്ക്, എപ്പോൾ പ്രവൃത്തി പൂർത്തിയാക്കണം, നിർമ്മാണ സാമഗ്രികളുടെ അളവ്, സംഭരണം, ആവശ്യമായ തൊഴിലാളികളുടെ എണ്ണം തുടങ്ങിയവ തീരുമാനിക്കൽ, ചുമതലകൾ ഗുണഭോക്തൃ സമിതികൾക്ക് വിഭജിച്ചു നൽകൽ എന്നിവയൊന്നും ചെയ്തതായി കാണുന്നില്ല.

3. <u>*പണമിടപാടുകൾ*</u>

എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെയായിരിക്കണം. പ്രവൃത്തി നിർവ്വഹണത്തിന് ആവശ്യമായ പണം കമ്മറ്റിയുടെ തീരുമാന പ്രകാരം ആഴ്ചയിലൊരിക്കലോ ആവശ്യത്തിനനുസരിച്ചോ പിൻവലിക്കണം. ട്രഷറിയിൽ നിന്നും പണം പിൻവലിച്ചാൽ ഉടനെ തന്നെ അന്നത്തെ ദിവസമോ തൊട്ടടുത്ത ദിവസമോ സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥനെ കാണിക്കേണ്ടതാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

4. മസ്റ്റർ റോളുകൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന നിലയിൽ ക്രമ നമ്പറിട്ട് സൂക്ഷിക്കുന്നില്ല. തൊഴിലാളികൾക്ക് കൂലി നൽകുന്ന തിയ്യതി രേഖപ്പെടുത്തുന്നില്ല. തിയ്യതി വെച്ച് ഒപ്പിടാത്ത മസ്റ്റർ റോളുകൾ അസാധുവായി കണക്കാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയം

LOCAL FUND AUDIT DEPARTMENT

നടത്തിയത്. മസ്റ്റർ റോളിൽ ചെയർമാനും കൺവീനറും കൂടി ഒപ്പിടണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5. സിമന്റ്, കമ്പി, ബിറ്റുമെൻ എന്നീ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അപ്രകാരമുള്ള ബില്ലുകളാണ് വരവ്-ചെലവ് കണക്ക് പുസ്തകങ്ങൾ രേഖപ്പെടുത്തേണ്ടത്. ഇത് പാലിച്ചിട്ടില്ല.

ഉദാ:

1. പള്ളിപ്പറമ്പ് ഡ്രെയിനേജ് പ്രൊജക്ട് 44/11 സിമന്റ്, കമ്പി വാങ്ങിയതിന് ബില്ലിന്റെ പകർപ്പിൽ വിശദാംശങ്ങൾ എഴുതി ചേർത്തിരിക്കുന്നു.

2. ടാർ വാങ്ങിയതിന്റെ ബില്ല് ലഭ്യമാക്കാതെ മൂല്യനിർണ്ണയം നടത്തി തുക അനുവദിച്ചത്.
   ചീർപ്പിങ്ങൽ കോളനി റോഡ് 8 ബാരൽ
   ചേളാരി വിഷ്ണുക്ഷേത്രം റോഡ് 22 ബാരൽ
   പാലത്തിങ്ങൽ കോണിപ്പാടം റോഡ് 12 ബാരൽ
   നമ്പോളം നോർത്ത് റോഡ് 27 ബാരൽ

പുറം കരാർ നൽകിയത്

സോളിംഗ്, ടാറിംഗ് പ്രവൃത്തികൾ പുറം കരാർ നൽകി നിർവ്വഹിച്ചതായി കാണുന്നു. (കരാറുടമ്പടി ലഭ്യമാക്കിയിട്ടില്ല) കടലാസിലെഴുതിയ കൈപ്പറ്റ് മാത്രം അടിസ്ഥാനമാക്കി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

1. പാലത്തിങ്ങൽ- കോണിപ്പാടം റോഡ് ടാറിംഗ് ആന്റ് സോളിംഗ് **45,000** രൂപ ശ്രീ. പളനി സ്വാമിക്ക് നൽകി.

2. നമ്പോളം നോർത്ത് റോഡ് പുനരുദ്ധാരണം ടാറിംഗിന് **54,000** രൂപ ശ്രീ. ഇസ്മായിൽ എന്നയാൾക്ക് നൽകി.

7. *മിനുട്സ്*

പണി തൃപ്തികരമായി പൂർത്തിയാക്കുംവരെ ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും വേണം. സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും വേണം. ഇത് പാലിക്കപ്പെട്ടിട്ടില്ല.

8. കൺവീനർ പ്രവൃത്തി സംബന്ധിച്ച് ദൈനംദിന ഡയറി സൂക്ഷിക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

9. കൺവീനറുടെ വരവ്-ചെലവു കണക്കുകളും ബില്ലുകളും പരിശോധിക്കാതെയും ഒറിജിനൽ ബില്ലുകൾ നിഷ്കർഷിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി പണം അനുവദിച്ചിരിക്കുന്നത്.

## ഭാഗം- 2
## വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

- ഇല്ല-

LOCAL FUND AUDIT DEPARTMENT

## ഭാഗം– 3
## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

### (3–1) വാർഷിക പദ്ധതി രൂപീകരണത്തിലെ നടപടി ക്രമങ്ങളുടെ ലംഘനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2011–12 ലെ അന്തിമ വാർഷിക പദ്ധതിയിൽ ഗ്രാമസഭ, വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടത്തിയ പദ്ധതി നിർദ്ദേശങ്ങൾ, അവയുടെ അംഗീകാരം ലഭിക്കുന്ന വ്യവസ്ഥാപിത വേദികളിൽ നിർദ്ദേശിക്കാത്ത പ്രൊജക്ടുകൾ ഉൾപ്പെട്ടതായി കാണുന്നു.

വാർഷിക പദ്ധതി രൂപീകരണത്തിനായി 2011 ജനുവരി 6– ന് ചേർന്ന ഗ്രാമസഭയിൽ ശുദ്ധജല വിതരണം, ശുചിത്വവുമായി ബന്ധപ്പെട്ട് മുൻവർഷം ഏറ്റെടുത്തതും നടപ്പിലാക്കാത്തതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കാണിച്ചവയാണ്.

1. പുതുക്കുളം ഡ്രെയിനേജ് : 2 ലക്ഷം അടങ്കൽ
2. പതിനാറുങ്ങൽ ഡ്രെയിനേജ് : 65,000 രൂപ
3. പള്ളിപ്പറമ്പ് ഡ്രെയിനേജ് : 1. 18 ലക്ഷം രൂപ

ഇതിനു പുറമെ 2011–12 ലേക്കുള്ള വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയത് താഴെ കാണിച്ചവയാണ്.

1. ചെമ്മാട് അങ്ങാടി മുതൽ പാറക്കടവ് പുഴ വരെയുള്ള ഡ്രെയിനേജ് ( ക്രമ നമ്പർ 24)
2. ആവത്താൻ, ആവയിൽ ബീച്ച് ഡ്രെയിനേജ് (ക്രമനമ്പർ 25)
3. ചാരംകുളം റോഡ് ഡ്രെയിനേജ് നിർമ്മാണം (ക്രമ നമ്പർ. 26)
4. തയ്യിലപ്പടി ഭാഗത്ത് ഡ്രെയിനേജ് നിർമ്മാണം (ക്രമ നമ്പർ. 27)

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വിശദമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് മുമ്പായി 2011 ഫെബ്രുവരി 9 ന് ചേർന്ന വികസന സെമിനാറിൽ അംഗീകരിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന് രേഖപ്പെടുത്തുന്നില്ല. 124 പേർ പങ്കെടുത്ത വികസന സെമിനാറിന്റെ മിനുട്സിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അവതരിപ്പിച്ചതായി പറയുന്ന കരട് പദ്ധതി രേഖയിൽ ഉൾപ്പെടുന്ന പ്രൊജക്ടുകൾ രേഖപ്പെടുത്തുന്നില്ല. ഇതേ ദിവസം തന്നെ ചേർന്ന 23 അംഗങ്ങൾ പങ്കെടുത്ത വർക്കിംഗ് ഗ്രൂപ്പ് (ശുദ്ധജല വിതരണം, ശുചിത്വം) മിനുട്സിലും പ്രൊജക്ടുകൾ രേഖപ്പെടുത്തിയിട്ടില്ല..

ഗ്രാമസഭ, വികസന സെമിനാർ എന്നിവയുടെ അംഗീകാരമുള്ള മേൽ കാണിച്ച 6 പ്രൊജക്ടുകൾ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുന്നില്ല. മാത്രമല്ല, പദ്ധതി രൂപീകരണത്തിനുള്ള വ്യവസ്ഥാപിത വേദികളിൽ എവിടെയും നിർദ്ദേശിക്കാത്ത താഴെ കാണിച്ച ഡ്രെയിനേജുകളുടെ നിർമ്മാണം നിർവ്വഹിച്ചതായും കാണുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | 2011–12 ലെ ചെലവ് (രൂപ) |
|---|---|---|
| 1 51/12 | തറയിൽ വാപറമ്പ് ഡ്രെയിനേജ് നിർമ്മാണം | 4,50,000 |
| 2 52/12 | സൂപ്പിക്കുട്ടി വാപറമ്പ് ഡ്രെയിനേജ് നിർമ്മാണം | 4,50,000 |
| 3 50/12 | മുദിയംബീച്ച് ഡ്രെയിനേജ് നിർമ്മാണം | 4,52,106 |
| 4 32/12 | മയ്യേറ്റിൻകര ഡ്രെയിനേജ് നിർമ്മാണം | 1,73,954 |
| 5 100/12 | പുറ്റാട്ടുതറ നഗരിയിൽ കാരി കോളനി ഡ്രെയിനേജ് നിർമ്മാണം | 3,00,000 |
| 6 92/12 | നൂനിയിൽ തോട് ഡ്രെയിനേജ് നിർമ്മാണം | 4,89,250 |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| | | **ആകെ** | **23,15,310** |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല നിർവ്വചിച്ചതിൽ ശുചിത്വ പ്രവർത്തനത്തിൽ ഡ്രെയിനേജുകൾ നിർമ്മിക്കുന്നതിന് വ്യവസ്ഥയില്ല. അന്തിമ പദ്ധതി രേഖയിൽ മേൽ കാണിച്ച പ്രൊജക്ടുകൾ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനം 25/3-5-13 നമ്പർ ഓഡിറ്റ് എൻക്വയറി വഴി രേഖാമൂലം വിശദീകരിക്കാൻ ആവശ്യപ്പെട്ടു. ആയതിനുള്ള മറുപടിയിൽ, പ്രവൃത്തികൾ വികസന സെമിനാറിൽ നിർദ്ദേശിച്ചതാണെന്നും മിനുട്സ് പൂർത്തീകരിക്കാൻ വിട്ടുപോയതാണെന്നുമാണ് വിശദികരിച്ചത്.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തെറ്റായ പ്രവണത കർശനമായും ഒഴിവാക്കേണ്ടതാണ്.

**(3-2) <u>ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവർത്തനങ്ങൾക്ക് പദ്ധതി തുക വിനിയോഗിക്കുന്നത്</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഉയർന്ന തട്ടിലുള്ള ബ്ലോക്ക് പഞ്ചായത്തുകൾ നിർവ്വഹിക്കാനുള്ള ചുമതലകൾ വ്യക്തമായി നിർവ്വചിക്കുന്നുണ്ട്. പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാരും ജില്ലാ പഞ്ചായത്തും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനാൽ കൈമാറുന്ന സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും നടത്തിപ്പ് സർക്കാറിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമാവണം.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 മുതൽ 20-11-12 കാലയളവിലെ പ്രവർത്തനം പരിശോധിച്ചതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പുരോഗതി കൈവരിച്ചതായി കാണുന്നു. ഭവന നിർമ്മാണം, പൊതുമരാമത്ത്, പൊതുജനാരോഗ്യം (കെട്ടിട നിർമ്മാണം), സാമൂഹ്യക്ഷേമം, പട്ടികജാതി വികസനം തുടങ്ങിയ മേഖലകളിൽ ഭാഗികമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി പ്രവർത്തിച്ച് നേട്ടം കൈവരിക്കാനായിട്ടുണ്ട്.

എന്നാൽ പദ്ധതി നടത്തിപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ട പൊതുവായ സമീപനമായ ബ്ലോക്ക് അധീനതയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക, ആവർത്തനം ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും, ബാക്ക് വേർഡ്, ഫോർവേഡ് ലിങ്കേജ് നൽകുകയെന്ന ചുമതല നിറവേറ്റുന്നതിൽ ഒരു പുരോഗതിയും കൈവരിക്കാനായില്ലെന്ന് കാണുന്നു. ഇതേ കാരണത്താൽ തന്നെ ഗ്രാമപഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലേക്ക് കടന്നു കയറുന്നതായും ത്രിതല സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ട പ്രത്യേക മേഖലകൾ അവഗണിക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. കൃഷി, ചെറുകിട ജലസേചനം, ജലവിതരണം, പൊതുമരാമത്ത് (റോഡ് പ്രവൃത്തികൾ) പട്ടികജാതി വികസനം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതലകൾക്കാണ് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് വിനിയോഗിച്ചത്.

ജല വിതരണ മേഖലയിൽ ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള കുടിവെള്ള വിതരണ പദ്ധതികൾ സംവിധാനപ്പെടുത്തലും നടത്തിപ്പും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെങ്കിലും ഇതേ പ്രവർത്തനങ്ങൾ തന്നെയാണ് വിവിധ വർഷങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി നടത്തിപ്പിലൂടെ ബ്ലോക്ക് പഞ്ചായത്ത് ചെയ്തത്. ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയുമെന്ന ഗ്രാമപഞ്ചായത്ത് ചുമതലയാണ് പൊതുമരാമത്ത് മേഖലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനത്തിലൂടെ നടപ്പിലായത്. ഇതിനാൽ ബ്ലോക്ക് പഞ്ചായത്തിന് മാത്രം നിർവ്വഹിക്കാവുന്ന ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വില്ലേജ് റോഡുകളുടെ പരിപാലനത്തിൽ ശ്രദ്ധ ചെലുത്തനാകുന്നില്ല.

LOCAL FUND AUDIT DEPARTMENT

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള ജലസേചന പദ്ധതികളാണ് നടപ്പിലാക്കേണ്ടതെങ്കിലും ഈ മേഖലയിലും ഗ്രാമപഞ്ചായത്ത് ചുമതല നിറവേറ്റാനാണ് തുക ചെലവഴിച്ചത്.

പട്ടികജാതി ആവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണെന്ന് വ്യക്തമായി നിർവ്വചിച്ചശേഷവും ഈ മേഖലയിൽ പാർശ്വഭിത്തി നിർമ്മാണം, ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മാണം, ഷെഡ് നിർമ്മാണം എന്നിവയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് നിയമപരമായ അടിസ്ഥാനമില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയായി നിശ്ചയിച്ച പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുകയെന്ന ചുമതല നിറവേറ്റാനാകുന്നില്ല. ആരോഗ്യ-ശുചിത്വ മേഖലയിലുൾപ്പെടുത്തി പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഡ്രെയിനേജുകളുടെ നിർമ്മാണത്തിന് ബ്ലോക്ക് ഫണ്ട് വിനിയോഗിക്കുന്നതിനും നിയമപരമായ പിൻബലമില്ല.

മുകളിലെ ഖണ്ഡികകളിൽ വിശദീകരിച്ച രീതിയിൽ നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്ത പ്രവർത്തനങ്ങൾക്ക് 2008-09 മുതൽ 2011-12 വരെ കാലയളവിൽ പദ്ധതി തുക വിനിയോഗിച്ചതിന് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1 ***കുടിവെള്ള വിതരണ പദ്ധതികൾ***

| | പ്രൊജക്ട് നമ്പർ വർഷം | പ്രൊജക്ടിന്റെ പേര് | ചെലവ് | തുക ചെലവഴിച്ച വർഷം |
|---|---|---|---|---|
| 1 | എം 100/08-09 | പൂവത്തുംമാട് കുടിവെള്ള പദ്ധതി പൂർത്തീകരണം | 96,250 | 2008-09 |
| 2 | എം 101/2008-09 | കോഴിപ്പറമ്പത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം | 88,000<br>79,305<br>2,50,218<br>2,84,254 | 2008-09<br>2008-09<br>2009-10<br>2010-11 |
| 3 | എം 102/2008-09 | അമ്മാട്ടിശ്ശേരി കുടിവെള്ള പദ്ധതി പൂർത്തീകരണം | 85,000<br>3,67,706<br>34,735<br>81,391<br>1,24,553 | 2008-09<br>2009-10<br>2009-10<br>2010-11<br>2011-12 |
| 4 | എം 103/2008-09 | സി. കെ. നഗർ കുടിവെള്ള പദ്ധതി പൂർത്തീകരണം | 75,000<br>4,21,174<br>80,820<br>82,780 | 2008-09<br>2009-10<br>2010-11<br>2011-12 |
| 5 | എം 104/2008-09 | വെന്നിയൂർ-കപ്രാട്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം | 1,69,436<br>1,71,599<br>1,42,531<br>1,56,594 | 2008-09<br>2008-09<br>2009-10<br>2010-11 |
| 6 | എസ്.0. 40/2008-09 | ചുള്ളിയാലപ്പുറം കുടിവെള്ള പദ്ധതി പൂർത്തീകരണം | 24,544 | 2008-09 |
| 7 | എസ്.0. 60/2008-09 | പൂവ്വത്തുംമാടം കുടിവെള്ള പദ്ധതി പൂർത്തീകരണം | 1,00,731<br>5,00,982 | 2008-09<br>2009-10 |
| 8 | എസ്.0. 15/2009-10<br>10/2011-12 | വിവിധ കുടിവെള്ള പദ്ധതികൾക്ക് വേണ്ടി വൈദ്യുതി കണക്ഷൻ, വിതരണ ലൈൻ | 4,05,902<br>6,08,583 | 2009-10<br>2010-11 |
| 9 | എസ്.0./90/09-10 | കൊയപ്പപാടത്ത് കുടിവെള്ള കിണർ നിർമ്മാണം | 76,770 | 2009-10 |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| 10 | എസ്.0.94, 95, 86 | എസ്. സി. കോളനികളിൽ കുഴൽ കിണർ നിർമ്മാണം | 1,38,392 | 2009-10 |
| 11 | 37/12 | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 1,53,375 | 2011-12 |
| **2.** | ***ചെറുകിട ജലസേചനം*** | | | |
| 1 | എസ്. 0.18/2008-09 | അവരാതി പാടം കനാൽ നിർമ്മാണം | 4,99,500 | 2008-09 |
| 2 | എസ്.0.22/08-09 | തൂർഷ് കുളം പുനരുദ്ധാരണം | 69,500<br>1,80,683 | 2008-09<br>2009-10 |
| 3 | എസ്.0. 28/08-09 | വൈക്കത്തുപാടം കനാൽ പുനരുദ്ധാരണം | 2,04,045 | 2008-09 |
| 4 | എസ്.0. 29/11 | കോണിപ്പാടം കനാൽ പുനരുദ്ധാരണം | 75,000<br>2,15,412<br>31,498 | 2008-09<br>2009-10<br>2010-11 |
| 5 | എം 27/2009-10 | മുള്ളൻകുഴി കനാൽ നിർമ്മാണം | 4,01,263 | 2009-10 |
| 6 | എം 28/2009-10 | പാങ്ങോട്ടുപാടം തോട് പുനരുദ്ധാരണം | 2,22,298 | 2009-10 |
| 7 | 24/2010-11 | ചെറായി തോട് പുനരുദ്ധാരണം | 3,01,276 | 2010-11 |
| 8 | 27/2010-11 | മിൻകുഴി പാടശേഖരത്തിലേക്ക് വൈദ്യുതി | 2,33,494 | 2010-11 |
| 9 | 116/2011-12 | കിഴക്കൻ തോട് അരുവൊടി കനാൽ | 4,17,950 | 2011-12 |
| 10 | 25/ ,, | കടുക്കാട്ടുപാറ ബ്രഹ്മസ്വം തോട് നിർമ്മാണം | 2,00,000 | ,, |
| 11 | 49/ 2011-12 | മണലി-മുതലമട കനാൽ നിർമ്മാണം | 3,60,000 | ,, |
| 12 | 26/2011-12 | മുളക്കൽ-പുത്തൂർ തോട് പുനരുദ്ധാരണം | 3,60,000 | ,, |
| 13 | 23/2011-12 | പോത്തുംവെട്ടിപ്പാറ പടിയാർ തോട് | 4,13,779 | ,, |
| **3** | **പാർശ്വഭിത്തികളുടെ നിർമ്മാണം** | | | |
| 1 | എസ്.0. 75/2008-09 | പരിച്ചാൽ എസ്. സി. കോളനി പാർശ്വഭിത്തി നിർമ്മാണം | 4,98,689 | 2008-09 |
| 2 | എസ്.0. 76/2008-09 | ,, | 1,19,085 | ,, |
| 3 | 98/11-12 | ചിരം തിണ്ടത്ത് എസ്. സി.കോളനി സംരക്ഷണം | 3,14,245 | 2011-12 |
| 4 | 96/11-12 | കപ്രാട്ട് എസ്. സി. കോളനി ചുറ്റുമതിൽ | 3,00,000 | 2011-12 |
| **4.** | ***ഡ്രെയിനേജുകളുടെ നിർമ്മാണം*** | | | |
| 1 | എസ്.0. 41/08-09 | ചാരങ്കുളം ഡ്രെയിനേജ് | 2,00,000 | 2008-09 |
| 2 | എസ്.0. 43/2008-09 | ചുള്ളിപ്പാറ-പാലക്കിൽ പറമ്പ് ഡ്രെയിനേജ് നിർമ്മാണം | 1,44,726 | 2008-09 |
| 3 | എസ്. 105/2008-09 | കാട്ടുങ്ങൽ ഡ്രെയിനേജ് | 2,99,710 | ,, |
| 4 | എസ്.0. 45/08-09 | മണലിപ്പാടം ഡ്രെയിനേജ് | 1,98,220 | ,, |
| 5 | എം.0. 74/2009-10 | ചേളാരി കാരണയിൽ ഡ്രെയിനേജ് | 3,94,873 | 09-10 |
| 6 | എം.0 47/09-10 | കുന്നുങ്ങൽപ്പാടം ഡ്രെയിനേജ് | 1,95,222 | ,, |
| 7 | എം.0. 84/09-10 | മണ്ണാരപ്പാറ എസ്. സി. കോളനി | 6,00,000 | ,, |
| 8 | 88/10-11 | ,, | 6,00,000 | 2010-11 |
| 9 | 35/10-11 | പുതുക്കുളം ഡ്രെയിനേജ് | 1,90,744 | ,, |
| 10 | 94/10-11 | പള്ളിപ്പറമ്പ് ഡ്രെയിനേജ് | 1,14,231 | ,, |
| 11 | 21/11-12 | കിഴക്കൻതോട് അരുത്തൊടി ഡ്രെയിനേജ് | 3,91,159 | 2011-12 |
| 12 | 51/11-12 | തറയിൽ വാപറമ്പ് ഡ്രെയിനേജ് | 4,50,000 | 2011-12 |
| 13 | 52/11-12 | സൂഷിക്കുട്ടി ഡ്രെയിനേജ് | 4,50,000 | ,, |
| 14 | 50/11 | മുദിയംബീച്ച് ഡ്രെയിനേജ് | 4,52,106 | ,, |
| **5.** | ***ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ, ഷെഡ് നിർമ്മാണം*** | | | |
| 1. | എസ്.0. 73/08-09 | കൊടക്കാട് എസ്റ്റേറ്റ് ശ്മശാനം ചുറ്റുമതിൽ | 1,40,877 | 08-09 |
| 2 | എസ്.0. 74/08-09 | പാണ്ടിമുറ്റം ശ്മശാനം ചുറ്റുമതിൽ | 1,92,118 | ,, |
| 3. | എം.0. 83/09-10 | ഇട്ടൂണ്ണിത്തറ ശ്മശാനം ചുറ്റുമതിൽ | 1,24,518 | 09-10 |
| 4. | എം.0. 85/09-10 | പാറക്കുളത്ത് ചാലി എസ്. സി. ശ്മശാനം | 1,93,886 | ,, |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| | | ചുറ്റുമതിൽ | | |
| 5. | 73/10-11 | പിലാക്കുളം എസ്. സി. ശ്മശാനം ചുറ്റുമതിൽ | 99,019 | 2010-11 |
| 6. | 84/10-11 | മൈലിക്കൽ എസ്. സി. ശ്മശാനം ചുറ്റുമതിൽ | 2,50,000 | 2010-11 |
| 7. | 85/11-12 | ചെറുമുക്ക് എസ്. സി. ശ്മശാനം ചുറ്റുമതിൽ | 1,78,684 | 2011-12 |

ബ്ലോക്ക് പഞ്ചായത്ത് പോലെ ഉയർന്ന തട്ടിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച മുതൽ മുടക്ക് വേണ്ടി വരുന്നതും ഗ്രാമപഞ്ചായത്തുകൾക്ക് നേടാൻ കഴിയാത്തതുമായ പ്രവർത്തനങ്ങളും, താഴ്ന്ന തട്ടിൽ ഏറ്റെടുത്തിട്ടുള്ള പ്രൊജക്ടുകൾക്ക് അനുപൂരകമായ പ്രൊജക്ടുകൾ നടപ്പിലാക്കാനാണ് നിർദ്ദേശമുള്ളത്. ഇത് നേടുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ അന്തിമമാക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തുകളുടെ കരട് പദ്ധതികൾ പരിശോധിക്കാൻ 14-5-07 ലെ ജി.ഒ. (എം. എസ്.) 128/2007/തസ്വഭവ. നമ്പർ മാർഗ്ഗ രേഖയിൽ നിർദ്ദേശമുള്ളതാണെങ്കിൽ ആയത് നടപ്പിലാക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ അന്തിമമാക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരുമായി ചർച്ച നടത്താറുണ്ടെന്നും ഉയർന്ന തട്ടിലുള്ള തദ്ദേശ ഭരണ സ്ഥാപനമായി പ്രവർത്തിക്കാൻ ആനുപാതികമായ ഫണ്ട് ലഭിക്കുന്നില്ലെന്നും 22/2-5-2013 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം വൈകുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുമായി സംയോജനത്തിന് തടസ്സമാകുന്നുണ്ടെന്നും വിശദീകരിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് ഉയർന്ന തട്ടിലുള്ള തദ്ദേശ സ്ഥാപനമായി പ്രവർത്തിച്ച് പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രത്യേക മേഖലകളിൽ പുരോഗതിയുണ്ടാക്കാൻ ലഭ്യമാകുന്ന അവസരം പരമാവധി പ്രയോജനപ്പെടുത്താൻ തുടർ വർഷങ്ങളിൽ നടപടിയുണ്ടാവേണ്ടതാണ്.

**(3-3)** <u>പ്രൊജക്ടുകളുടെ അടങ്കൽ തുകയിൽ നിർദ്ദിഷ്ട പരിധി പാലിക്കാത്തത്.</u>

പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രൊജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക നിശ്ചയിച്ചത് 5 ലക്ഷം രൂപയാണ്. മുമ്പ് തുടങ്ങിയ പ്രൊജക്ടുകൾ പൂർത്തീകരിക്കുക, പ്രകൃതിക്ഷോഭങ്ങൾ നേരിടുക എന്നിങ്ങനെ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിലും അടിയന്തിര ഘട്ടങ്ങളിലുമാണ് നിശ്ചിത തുകയിൽ കുറവ് അടങ്കൽ തുകയുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നത്. കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, കൂട്ടിച്ചേർക്കൽ എന്നിവയ്ക്കും സാമഗ്രികൾ വാങ്ങുന്നതിനും കുറഞ്ഞ പരിധി ബാധകമല്ല.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 ലെ വാർഷിക പദ്ധതി പരിശോധിച്ചതിൽ ഉൽപ്പാദന മേഖലയിലെ സമഗ്ര നെൽകൃഷി വികസനം, ഐ.എ.വൈ. ഭവന നിർമ്മാണം, അംഗനവാടി പൂരകപോഷകാഹാര പരിപാടി ഒഴികെയുള്ളവയെല്ലാം നിശ്ചിത തുകയിൽ കുറവ് അടങ്കൽ തുകയുള്ള പ്രൊജക്ടുകളാണെന്ന് കാണാം. 2009-10 ലെ വാർഷിക പദ്ധതിയിലും മേൽ കാണിച്ചവയ്ക്ക് പുറമെ 4 കുടിവെള്ള പദ്ധതി പൂർത്തീകരണം ഒഴികെയുള്ളവയെല്ലാം കുറഞ്ഞ അടങ്കൽ തുകയിലുള്ളതാണ്. ഇതേപോലെ 2010-11, 2011-12 വർഷങ്ങളിലും വ്യത്യസ്തമായ സമീപനം സ്വീകരിച്ച് നിശ്ചിത അടങ്കൽ തുക പരിപാലിച്ച് പ്രൊജക്ടുകൾ തയ്യാറാക്കാൻ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാകുന്നില്ല.

Local Fund Audit Department

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഉയർന്ന തട്ടിലുള്ള തദ്ദേശ ഭരണ സ്ഥാപനമായി പ്രവർത്തിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിക്കുന്ന പ്രത്യേക മേഖലകളിൽ നിക്ഷേപം നടത്തി വികസനം നേടാനാവാത്തത് ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാത്തത് കൊണ്ടാണ്. അടിയന്തിര ഘട്ടങ്ങളിൽ മാത്രം നടപ്പിലാക്കേണ്ട പ്രൊജക്ടുകൾക്ക് നിശ്ചയിച്ച അടങ്കൽ തുകയിൽ പൊതു പ്രൊജക്ടുകൾ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് ചുമതലയിൽപ്പെട്ട പ്രവർത്തനത്തിന് വികസന ഫണ്ട് വിനിയോഗിക്കുന്ന സമീപനം നിയമപരമല്ല. തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണത്തിൽ ബ്ലോക്ക് ഭരണസമിതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് വാർഷിക പദ്ധതി തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**(3-4)** സ്വയം സഹായ സംഘങ്ങൾക്ക് ക്രമവിരുദ്ധമായി പദ്ധതി ഫണ്ടിൽ നിന്നും സബ്സിഡി നൽകി.

ബിൽ നമ്പർ. : എ-1166/11, തിയ്യതി 31-3-12 **6,00,000 രൂപ**
പ്രൊജക്ട് നമ്പർ : 36/12

2011-12 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ *വനിതാ തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം* എന്ന പ്രൊജക്ട് പ്രകാരം 6 സ്വയം സഹായ സംഘങ്ങൾക്ക് ഒരു യൂണിറ്റിന് **1,00,000** രൂപ വീതം ആകെ **6,00,000** രൂപ വിവിധ ബാങ്കുകൾക്ക് സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്. വായ്പാധിഷ്ഠിതമായി എസ്.ജി.എസ്.വൈ. മാനദണ്ഡങ്ങൾ പ്രകാരം ബാങ്കുകളുമായി സംയോജിപ്പിച്ച് കൊണ്ട് നടപ്പാക്കേണ്ടതായ മേൽ പ്രൊജക്ടിന്റെ ധനകാര്യ വിശകലനം താഴെ പറയും പ്രകാരമാണ്.

പദ്ധതി വിഹിതം : **6,00,000**
ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ : **15,00,000**
-------
ആകെ അടങ്കൽ : **21,00,000**
========

ധനസഹായത്തിന് തെരഞ്ഞെടുത്തിട്ടുള്ള യൂണിറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ആരംഭിക്കുന്ന തൊഴിൽ സംരംഭം | വായ്പ നൽകുന്ന ബാങ്ക്/വായ്പ തുക | സബ്സിഡി. |
|---|---|---|---|---|
| 1 | അൽനൂർ- എൻ.എച്ച്.ജി. കടലുണ്ടി നഗരം വള്ളിക്കുന്ന്. | ടൈലറിംഗ് യൂണിറ്റ് | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, വള്ളിക്കുന്ന്. വായ്പ-**3,00,000** | **1,00,000** |
| 2 | സായൂജ്യം എൻ.എച്ച്.ജി. ദേവതിയാൽ തേഞ്ഞിപ്പലം | -ടി- | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തേഞ്ഞിപ്പാലം വായ്പ- **1,00,000** | **1,00,000** |
| 3 | വർണ്ണം എസ്.എച്ച്.ജി. ആനപ്പടി, പരപ്പനങ്ങാടി. | ആട് വളർത്തൽ | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പരപ്പനങ്ങാടി വായ്പ-**1,00,000** | **1,00,000** |
| 4 | വട്ടത്തിൽ മാട്- 2 എൻ.എച്ച്.ജി., പെരുവള്ളൂർ | തയ്യൽ യൂണിറ്റ് | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരുവള്ളൂർ വായ്പ-**3,00,000** | **1,00,000** |
| 5 | നമ്പ്രത്തിയിൽ എൻ.എച്ച്.ജി. പെരുവള്ളൂർ | തയ്യൽ യൂണിറ്റ് | ,, | **1,00,000** |
| 6 | നന്മ ന്യൂട്രിമിക്സ് പരപ്പനങ്ങാടി. | ന്യൂട്രിമിക്സ് യൂണിറ്റ് | എസ്.ബി.ഐ. പരപ്പനങ്ങാടി | **1,00,000** |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| | | | വായ്പ - 3,00,000 | |
| | | | ആകെ | 6,00,000 |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണം പരിശോധിച്ചതിൽ 1-10-99 ന് സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (എം. എസ്) 187/99/തസ്വഭവ. നമ്പർ എസ്.ജി.എസ്.വൈ. മാർഗ്ഗ നിർദ്ദേശങ്ങൾക്കും 24-7-2007 ലെ ജി.ഒ. (എം.എസ്) 183/07/തസ്വഭവ. നമ്പർ സബ്സിഡി മാർഗ്ഗ രേഖയ്ക്കും വിരുദ്ധമായാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് കാണുന്നു.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. സെക്കന്റ് ഗ്രേഡിംഗ് കഴിഞ്ഞ സ്വയം സഹായ സംഘങ്ങൾക്കാണ് എസ്.ജി.എസ്.വൈ മാനദണ്ഡ പ്രകാരം ധനസഹായം നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ തെരഞ്ഞെടുത്ത 6 ഗ്രൂപ്പുകളിൽ ഒന്നിനൊഴികെ രണ്ടാം ഗ്രേഡിംഗ് കഴിഞ്ഞതായി രേഖയില്ല.

2. എസ്.ജി.എസ്.വൈ- സ്കിൽ ഡെവലപ്മെന്റ് പരിശീലനം ലഭിച്ച ഗ്രൂപ്പുകൾ നിലവിലുണ്ട് എന്നിരിക്കെ യാതൊരു പരിശീലനവും ലഭ്യമാക്കിയിട്ടില്ലാത്ത ഗ്രൂപ്പുകൾക്കാണ് അർഹതാ മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകിയിരിക്കുന്നത്.

3. ധനസഹായത്തിന് തെരഞ്ഞെടുത്തിട്ടുള്ള ഗ്രൂപ്പുകളുമായി നിയമാനുസൃതമുള്ള എഗ്രിമെന്റ് വെച്ചിട്ടില്ല.

4. പ്രൊജക്ട് അംഗീകരിച്ചുകൊണ്ടും വായ്പ നൽകുവാൻ സന്നദ്ധത അറിയിച്ചുകൊണ്ടും യൂണിറ്റുകൾ ലോൺ എടുത്തിട്ടുണ്ടെന്നും രേഖാമൂലമുള്ള അറിയിപ്പ് ബാങ്കിൽ നിന്നും ലഭിച്ചതിന് ശേഷമാണ് സബ്സിഡി തുക ബാങ്ക് മാനേജർക്ക് കൈമാറേണ്ടത്. ബാങ്ക് സബ്സിഡി തുക സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ലോൺ തിരിച്ചടവ് തുടങ്ങിയതിനു ശേഷം മാത്രം യൂണിറ്റുകളുടെ ലോൺ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്. എന്നാൽ ഇതിനു വിരുദ്ധമായി ടി യൂണിറ്റുകളുടെ പ്രസിഡണ്ട്/ സെക്രട്ടറിമാരുടെ പേരിൽ എടുത്തിട്ടുള്ള 1,00,000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റുകൾ അതാത് യൂണിറ്റുകൾക്ക് നൽകുകയും യൂണിറ്റുകൾ മുഖാന്തിരം ബാങ്കിലേക്ക് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ബാങ്ക് മാനേജർമാർ പണം കൈപ്പറ്റിയതായി കൈപ്പറ്റ് രശീതിയില്ല.

5. സബ്സിഡി തുക 4/2012- ൽ ഡി.ഡി. ആക്കിയെങ്കിലും 7/2012- ലാണ് ബാങ്കുകൾക്ക് നൽകുന്നത്. ബാങ്കുകൾ ടി സബ്സിഡി തുക ഓരോ യൂണറ്റിന്റെയും ലോൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനു പകരം ഓരോ ഗ്രൂപ്പിനും ക്യാഷ് ആയി വിതരണം ചെയ്യുകയാണ് ചെയ്തത്. 1/2013-ലാണ് ഇപ്രകാരം സബ്സിഡി പണം വിതരണം ചെയ്യുന്നത്.

6. ബാങ്കിൽ നിന്നും ഒരൊറ്റ യൂണിറ്റായല്ല ലോൺ അനുവദിച്ചിട്ടുള്ളത്. 10 അംഗങ്ങൾക്ക് 10,000 രൂപയുടെ വ്യക്തിഗത ലോണുകളായിട്ടാണ്. സബ്സിഡി പണം വിതരണം ചെയ്തതും. ഇപ്രകാരം 10 അംഗങ്ങൾക്ക് 10,000 രൂപ പ്രകാരമാണ്.

7. ഇപ്രകാരം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിനാൽ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭത്തിനുള്ള ഫണ്ട് സബ്സിഡി തുക മാത്രമായി ഒതുങ്ങി.

ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ ഇപ്പോഴത്തെ അവസ്ഥ പരിശോധിക്കുന്നതിനായി ടി യൂണിറ്റുകളുടെ വരവ് ചെലവു കണക്കുകൾ, പ്രവർത്തന റിപ്പോർട്ട്, മിനുട്സ് ബുക്ക്, ലോൺ അക്കൗണ്ട് പാസ് ബുക്ക് എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് 2-5-2013 ലെ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. നമ്പ്രത്തിയിൽ എൻ.എച്ച്.ജി., പെരുവള്ളൂർ എന്ന യൂണിറ്റ്

LOCAL FUND AUDIT DEPARTMENT

മാത്രമാണ് ഓഡിറ്റ് മുമ്പാകെ രേഖകൾ ഹാജരാക്കിയത്. രേഖകൾ പരിശോധിച്ചതിൽ ലോൺ തിരിച്ചടക്കുന്നുണ്ടെങ്കിലും മുകളിൽ ചൂണ്ടിക്കാണിച്ച അപാകതകളെല്ലാം ശരിയാണെന്ന് കാണപ്പെട്ടു. മറ്റു യൂണിറ്റുകളുടെ അവസ്ഥയും ഇപ്രകാരമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതിപ്പണം ചെലവഴിച്ചത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

(3-5) <u>കൊയ്ത്ത് മെതിയന്ത്രം- പ്രവർത്തനക്ഷമമാക്കാൻ ഊർജ്ജിത നടപടികൾ ഉണ്ടായില്ല.</u>

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി റെയ്ഡ്കോ-യിൽ നിന്നും **15,86,000** രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതിയന്ത്രം 2009-10 വർഷം വരെ വളരെ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുകയും അതിന്റെ ഫലമായി നെല്ലുല്പാദകർക്ക് ഒരു മുതൽ കൂട്ടായും ബ്ലോക്ക് പഞ്ചായത്തിന് ഒരു വരുമാന സ്രോതസ്സായും നിലനിന്നിരുന്നു. എന്നാൽ 2010-11 വർഷം മുതൽ കൊയ്ത്ത് മെതിയന്ത്രം പ്രവർത്തിപ്പിക്കുന്നത് കുറഞ്ഞു വരികയും 13-6-2012 ന് ശേഷം പൂർണ്ണമായും പ്രവർത്തന രഹിതമായി ബ്ലോക്ക് പഞ്ചായത്ത് ഷെഡിൽ കിടക്കുകയാണ്.

2008-09 മുതൽ മെതിയന്ത്രത്തിന്റെ വരവു ചെലവുകൾ താഴെ പറയും പ്രകാരമാണ്. (അക്കൗണ്ട് നമ്പർ. 7089, തിരൂരങ്ങാടി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്)

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2008-09 | 5,99,216<br>21,010 (പലിശ) | 2,84,332<br>20 (ബാങ്ക് ചാർജ്) |
| 2009-10 | 3,27,318 | 2,82,486 |
| 2010-11 | 17,911<br>37,480 (പലിശ) | 57,759 |
| 2011-12 | 76,118<br>27,127 (പലിശ) | 3,10,580 |
| 2012-13 | 19,583 | 4,630 |

(2-7-2012 ലെ പാസ് ബുക്ക് ബാലൻസ്- 5,69,857)

2011-12 വർഷം സ്പെയർ പാർട്സ്, റിപ്പയറിംഗ് ചാർജ്, സർവ്വീസ് ചാർജ് എന്നീയിനത്തിൽ **2,86,973 രൂപ** ചെലവഴിച്ചിട്ടുണ്ടെങ്കിലും തുടർച്ചയായി കേട് കാരണം പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും വരുമാനം ഗണ്യമായി കുറയുകയും ചെയ്തു. മെതിയന്ത്രം പ്രവർത്തിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ ഒരു കമ്മറ്റി ഉണ്ടാക്കിയെങ്കിലും യന്ത്രത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുകയോ യഥാസമയം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ശ്രദ്ധിക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തന രഹിതമായി കിടക്കുന്ന മെഷീൻ സർവ്വീസ് നടത്തി ഉപയോഗപ്രദമാക്കുന്നതിനും പാടശേഖരസമിതികളെ ഉൾപ്പെടുത്തി എ.ഡി.എ. യുടെ മേൽ നോട്ടത്തിൽ പ്രത്യേക ബൈലോ തയ്യാറാക്കി മെതിയന്ത്രം വിജയകരമായി പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടു പോകുന്നതിനും ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെങ്കിലും തീരുമാനം നടപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. (ബ്ലോക്ക് പഞ്ചായത്തിന്റെ 20-11-2010, 27-6-2011, 24-12-2011 എന്നീ തിയ്യതികളിലെ തീരുമാനങ്ങൾ കാണുക.)

സർക്കുലർ നമ്പർ. 22312/ഡി.എ2/ 2011/തസ്വഭവ. തിയ്യതി 11-5-2011 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കൊയ്ത്ത്/മെതിയന്ത്രങ്ങൾ ഓരോ സീസണും മുമ്പായി

LOCAL FUND AUDIT DEPARTMENT

അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ യന്ത്രം യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഫലപ്രദമായ നടപടികൾ കൈകൊണ്ടിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ 29-4-2013 ലെ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കൊയ്ത്ത് മെതിയന്ത്രം *മഹിളാ കിരൺ ശാക്തീകരൺ പരിയോജന* (എം.കെ.എസ്.പി.) പദ്ധതിയിലേക്ക് കൈമാറുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും എം.കെ.എസ്.പി. ആവശ്യപ്പെടുന്ന മുറയ്ക്ക് യന്ത്രം കൈമാറുമെന്നും ബ്ലോക്ക് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(3-6)** <u>വനിതാ വ്യവസായ വിപണന കേന്ദ്രം-നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.</u>

സ്വയം സഹായ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു വനിതാ വ്യാവസായിക തൊഴിൽ പരിശീലന കേന്ദ്രം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. എന്നാൽ ഒരു കാന്റീൻ മാത്രമാണ് ടി കേന്ദ്രത്തിൽ പ്രവർത്തിക്കുന്നത്. കേന്ദ്രത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിലെ റൂമുകൾ അടഞ്ഞ് കിടക്കുകയാണ്. (താഴെ നില- 3 റൂമുകൾ, ഒന്നാം നില- 2 റൂമുകൾ + ഒരു പരിശീലന ഹാൾ)

കെട്ടിടം നിർമ്മിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും അത് ഫലപ്രദമായി ഉപയോഗപ്പെടുത്താനോ അതു വഴി പദ്ധതി ലക്ഷ്യം കൈവരിക്കാനോ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിപണന കേന്ദ്രം എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(3-7)** <u>**ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കാന്റീൻ-വാടക ഈടാക്കുന്നതിൽ പഞ്ചായത്തിന്റെ തീരുമാനം നടപ്പിലാക്കിയിട്ടില്ല.**</u>

ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കാന്റീൻ ബ്ലോക്ക് പഞ്ചായത്തിന്റെ 16-3-10 ലെ 4-ാം നമ്പർ തീരുമാന പ്രകാരം പൈക്കാട്ട് കുടുംബശ്രീ യൂണിറ്റിന് 200 രൂപ. ദിവസ വാടകക്ക് നൽകിയിരുന്നതാണ്. എന്നാൽ മേൽ കുടുംബശ്രീ യൂണിറ്റിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അടുക്കളയും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതു വരെ 100 രൂപയും അതിനു ശേഷം 200 രൂപ ദിവസ വാടക പ്രകാരവും കാന്റീൻ നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ 10-6-10 ലെ 14-ാം നമ്പർ തീരുമാന പ്രകാരം അനുവാദം നൽകിയിരുന്നതാണ്. എന്നാൽ പുകയില്ലാത്ത അടുപ്പ് അടക്കമുള്ള സൗകര്യങ്ങൾ കാന്റീനിൽ യാഥാർത്ഥ്യമാക്കിയിട്ടും 100 രൂപ ദിവസ വാടക ( പ്രവൃത്തി ദിവസങ്ങളിൽ മാത്രം ) 200 രൂപയായി വർദ്ധിപ്പിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനം നടപ്പിലാക്കാത്തതിനാൽ പഞ്ചായത്തിന വരവ് നഷ്ടം സംഭവിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ തീരുമാനം നടപ്പിലാക്കാത്തതിന് കാരണം വിശദമാക്കേണ്ടതാണ്. വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**(3-8)** <u>പടിഞ്ഞാറ്റുംപാടം പാടശേഖരത്തിന് വൈദ്യുതി- ഒരേയിനം പ്രവൃത്തിയ്ക്ക് രണ്ട് വർഷങ്ങളിൽ പ്രൊജക്ട് തയ്യാറാക്കി പദ്ധതിപ്പണം ചെലവഴിച്ചു.</u>

*പടിഞ്ഞാറ്റും പാടം പാടശേഖരത്തിന് വൈദ്യുതി* എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിന് 2008-09, 2009-10 എന്നീ രണ്ടു വർഷങ്ങളിലും വ്യത്യസ്ത അടങ്കൽ വരുന്ന പ്രൊജക്ടുകൾ തയ്യാറാക്കി താഴെ പറയും പ്രകാരം തുകകൾ വൈദ്യുതി ബോർഡിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

| ക്രമ നമ്പർ | വർഷം | പ്രൊജക്ട് നമ്പർ/അടങ്കൽ | നിക്ഷേപിച്ച തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|---|
| 1 | 2008-09 | 24/09 അടങ്കൽ-**1,50,000** | 1,49,800 | 47/08-09 തിയ്യതി 15-1-09 |
| 2 | 2009-10 | 30/09-10 അടങ്കൽ **2,00,000** | 1,49,368 | 271/09-10 തിയ്യതി 30-10-09 |
| | | **ആകെ** | **2,99,168** | |

മേൽ രണ്ടു വർഷങ്ങളിലും തുക നിക്ഷേപിക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഒരേയിനത്തിലും അളവിലുമുള്ള പ്രവൃത്തിയാണെന്ന് വ്യക്തമാണ്. മാത്രമല്ല രണ്ടു പ്രൊജക്ടിന്റെയും ഗുണഭോക്താക്കൾ ഒന്നു തന്നെയാണ്. മേൽ രണ്ടു പ്രൊജക്ടിന്റെയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 614 മീറ്റർ 3-phase ലൈൻ വലിക്കുന്നതിന് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് **99,942** രൂപ കെ.എസ്.ഇ.ബി-യിലേക്ക് നേരത്തേ അടവാക്കിയിട്ടുള്ളതായി കെ.എസ്.ഇ.ബി. പരപ്പനങ്ങാടിയുടെ 20-9-08 ലെ ഡി.ബി./എസ്റ്റിമേറ്റ്/08-09/408 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട് എന്നിരിക്കെ 2008-09 വർഷം നിക്ഷേപിച്ച തുകയ്ക്കുള്ള മൂല്യനിർണ്ണയ സാക്ഷ്യപത്രമോ പുതുക്കിയ എസ്റ്റിമേറ്റോ കെ.എസ്.ഇ.ബിയിൽ നിന്നും ലഭിക്കാതെ 2009-10 വർഷം വീണ്ടും ഇതേയിനം പ്രവൃത്തിയ്ക്കു വേണ്ടി പ്രൊജക്ട് തയ്യാറാക്കി പദ്ധതിപ്പണം ഡെപ്പോസിറ്റ് ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2009-10 വർഷം നിക്ഷേപിച്ച **1,49,368** രൂപ കെ.എസ്.ഇ.ബിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2008-09 ൽ വൈദ്യുതി ബോർഡിൽ അടവാക്കിയ **1,49,800** രൂപയുടെ വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ലാത്തതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**(3-9)** <u>ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല- തുക തടസ്സം ചെയ്യുന്നു.</u>

താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ/ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ (നമ്പർ. 7/22-4-2013) ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തിയ്യതി | തുക | ചെലവ് വിശദാംശങ്ങൾ | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 557 720/16-3-09 | 52,394 | താലൂക്ക് ആശുപത്രി കറന്റ് കണക്ഷൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് കെ.എസ്.ഇ.ബി-ക്ക് നൽകിയത് | കെ.എസ്.ഇ.ബിയുടെ കൈപ്പറ്റ് രശീതിയില്ല. |
| 2 | 557 731/25-3-09 | 5,741 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളുടെ കെട്ടിട നികുതി അടവാക്കിയത്. | തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിന്റെ രശീതി ഹാജരാക്കിയില്ല. |
| 3 | 296 771/14-11-11 | 24,000 | ബി.എൽ.ടി.എ.ജി-ക്ക് മുൻകൂർ തുക നൽകിയത് | 1.വിനിയോഗ വിവരം ലഭ്യമല്ല.<br>2. പ്ലാനിംഗ് ഓഫീസിൽ നിന്നും ടി തുക ലഭ്യമാക്കി. ബി.പി.എഫ്.എ- 1 ൽ |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| | | | | തിരിച്ചടവാക്കിയ വിവരമില്ല. |
| 4 | 186 264/12-3-10 | 54,840 | *വർഷപ്രിയ അഗ്രോടെക് ലിമിറ്റഡിന്* ട്രാവല്ലറിന്റെ വില നൽകിയത്. | ട്രാവല്ലർ സ്റ്റോക്കിലെടുത്ത വിവരമില്ല. |
| | **ആകെ** | **1,36,975** | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

**(3-10)** <u>ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരിച്ചു നൽകി- തുക അടവാക്കിയതിന്റെ രശീതി ഹാജരാക്കിയില്ല.</u>

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം, അതാത് കൺവീനർമാർ/കരാറുകാർക്ക് അവർ അടവാക്കിയ ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ തിരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി കൺവീനർമാർ /കരാറുകാരിൽ നിന്നും അവർ മേൽ തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ ഒറിജിനൽ രശീതി ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി - 6/22-4-2013 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.)

| ക്രമ നമ്പർ | ചെക്ക് നമ്പർ/തിയ്യതി | തുക | പ്രവൃത്തിയുടെ വിശദാംശം |
|---|---|---|---|
| 1 | 186 218/17-7-08 | 16,250 | *സ്റ്റെൽ ഡ്രഗ് ലൈൻ, ചെമ്മാട്* എന്ന സ്ഥാപനത്തിന് നൽകിയത്. (മരുന്ന് വിതരണം) |
| 2 | 186 217/17-7-08 | 6,250 | പൂത്തിരിവളപ്പ്- സെഞ്ചുറി കോളനി റോഡ് ഡ്രെയിനേജ് കരാറുകാരന് നൽകി. |
| 3 | 186 229/10-12-08 | 2,500 | TBS- Publishers- കോഴിക്കോടിന് നൽകിയത്. പ്രൊജക്ട് 28/08 |
| 4 | 186 230/30-1-09 | 6,900 | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്- മെച്ചപ്പെടുത്തൽ ശ്രീ. വി.അബ്ദുൽ ഹമീദ്. |
| 5 | 186 231/30-1-09 | 6,900 | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്- മെച്ചപ്പെടുത്തൽ ശ്രീ.എ.എം.കെ. അബ്ദുറഹ്മാൻ കുട്ടിക്ക് നൽകി. |
| 6 | 186 282/6-8-10 | 2,690 | *മെസ്സേഴ്സ്. ഇന്റെൽ സിസ്റ്റം,* കോഴിക്കോടിന് നൽകിയത്. |
| 7 | 186 238/24-4-09 | 25,000 | എടവണ്ണത്തറ-കര്യാട് തറ റോഡ് പ്രവൃത്തി ശ്രീ. വി. കെ. അബ്ദുറഹ്മാന് നൽകി. |
| 8 | 186 239/24-4-09 | 23,000 | താലൂക്ക് ആശുപത്രി അറ്റകുറ്റപ്പണി ശ്രീ. വി.പി. അബ്ദുറഹ്മാൻ കുട്ടി. |
| | **ആകെ** | **89,490** | |

LOCAL FUND AUDIT DEPARTMENT

ഒറിജിനൽ രശീതിയുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു.

**(3-11)** വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവു തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ടെങ്കിലും ടി തുക അതാത് പദ്ധതികൾക്കായി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 489/10-11<br>തിയ്യതി 22-1-2011 | 2,00,000 | **ആശ്രയ-** മുന്നിയൂർ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകിയത്. |
| 2 | എസ്.ഒ. 15/12/ഡി<br>തിയ്യതി 31-3-12<br>(ക്രമനമ്പർ. 33) | 2,00,000 | **ആശ്രയ-** മുന്നിയൂർ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകിയത്<br>(പ്രൊജക്ട് 15/12) |
| 3 | ഡി-529/12, BPFA-II A<br>തിയ്യതി 31-3-12<br>(ക്രമ നമ്പർ. 38) | 2,00,000 | ***കില-*** തൃശ്ശൂരിന് ബ്ലോക്ക് വിഹിതം നൽകിയത്. |
| | **ആകെ** | **6,00,000** | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് **തുക 6,00,000** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**(3-12)** ഡെപ്പോസിറ്റ് വർക്കുകൾ-പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ല.

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിനായി അതാത് സ്ഥാപനങ്ങളിലേക്ക് താഴെ പറയും പ്രകാരം തുകകൾ അടവാക്കിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ | സ്ഥാപനം |
|---|---|---|---|---|
| 1 | ദാറുൽ ഹുദാ അക്കാദമി വരെ പൈപ്പ് ലൈൻ നീട്ടൽ<br>പ്രൊജക്ട് നമ്പർ. 36/08-09 | 97,875 | 70/08-09<br>തിയ്യതി 17-2-09 | കേരള വാട്ടർ അതോറിറ്റി |
| 2 | പുറ്റാട്ടുത്തറ എസ്. സി. കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ<br>പ്രൊജക്ട് നമ്പർ. 66/09-10<br>പ്രൊജക്ട് നമ്പർ. 95/12 | 80,000<br>20,500 | 346/09-10<br>16-1-10<br>14/11-12<br>തിയ്യതി 16-3-12 | -ടി- |
| 3. | കൊട്ടത്തല നായർകുളം എസ്. സി. കോളനി കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ<br>പ്രൊജക്ട്. 89/12 | 3,00,000 | 15/11-12<br>തിയ്യതി 16-3-12 | കേരള വാട്ടർ അതോറിറ്റി. |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| 4. | കളത്തിൽ തൊടി കുടിവെള്ള പദ്ധതി 14-ാം വാർഡ് പൈപ്പ്ലൈൻ നീട്ടൽ പ്രൊജക്ട് 10/12 | 1,50,000 | 17/11-12/22-3-12 | -ടി- |
| 5. | കല്ലുപറമ്പൻ റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ പ്രൊജക്ട്. 45/09-10 | 45,000 | 489/09-10 തിയ്യതി 30-3-10 | -ടി- |
| 6. | അയ്യങ്കാളി കുടിവെള്ള പദ്ധതി (പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്) പ്രൊജക്ട് നമ്പർ. 92/12 | 6,10,000 | 16/11-12 തിയ്യതി 16-3-12 | -ടി- |
| 7. | കോഴിപറമ്പത്ത് കുടിവെള്ള പദ്ധതി | 1,13,524 | 270/09-10 തിയ്യതി 30-10-09 | കെ.എസ്.ഇ.ബി. |
| 8. | പൂവത്തുമാട് കുടിവെള്ള പദ്ധതി | 1,11,878 | | |
| 9. | അമ്മാട്ടിശ്ശേരി കുടിവെള്ള പദ്ധതി | 60,438 | | |
| 10. | വെന്നിയൂർ-കപ്രാട്ട് കുടിവെള്ള പദ്ധതി | 40,507 | | |
| 11. | സി. കെ. നഗർ കുടിവെള്ള പദ്ധതി | 79,555 | | |
| 12. | ചെറിയചാലി പാടശേഖരത്തിന് വൈദ്യുതി കണക്ഷൻ പ്രൊജക്ട്: 35/09-10 | 2,09,578 | 272/09-10 തിയ്യതി 30-10-09 | കെ.എസ്.ഇ.ബി. |
| 13. | മീൻകുഴി പാടശേഖരത്തിലേക്ക് വൈദ്യുതി പ്രൊജക്ട്: 27/11 | 2,33,494 | 223/10-11 തിയ്യതി 14-9-10 | കെ.എസ്.ഇ.ബി. |
| 14. | കിഴക്കുപാടത്ത് കാർഷിക ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പ്രൊജക്ട് : 22/11 | 2,53,650 | 40/10-11 തിയ്യതി 30-3-11 | കെ.എസ്.ഇ.ബി. |
| 15. | പുലച്ചോടി മുണ്ടത്തടം കോലോംവീട് ഭാഗത്ത് പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കുഴൽ കിണർ പ്രൊജക്ട് : 78/12 | 1,49,246 | 696/10-12 തിയ്യതി 22-3-12 | ഭൂജലവകുപ്പ് |
| 16. | വാരിയത്ത് കുടിവെള്ള പദ്ധതി എസ്.ഒ. 90/12 | 37,500 | | ഭൂജലവകുപ്പ് |
| | | 25,92,745 | | |

LOCAL FUND AUDIT DEPARTMENT

പൂർത്തീകരണ/മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മൊത്തം ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**(3-13) റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ അധിക തുക ചെലവഴിച്ചത്.**

പ്രൊജക്ട് നമ്പർ : അട്ടകുഴിങ്ങര- കുണ്ടൻകടവ് റോഡ് പുനരുദ്ധാരണം (106/2011)
കരാർ നമ്പർ : 8/10-11 തിയ്യതി 27-8-2010
കൺവീനർ : ശ്രീ. അസ്കർ അലി. യു.

ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിലെ അട്ടകുഴിങ്ങര-കുണ്ടൻകടവ് റോഡ് പ്രവൃത്തിയിൽ താഴെ കാണിച്ച പ്രകാരം **12,656** രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

<u>അളവുപുസ്തകം. 32/10-11 പ്രകാരം</u>

| | | |
|---|---|---|
| ചെയ്ത പ്രവൃത്തി | : | 2,73,556 |
| (+) വാറ്റ്+ സെസ് | : | 11,052 |
| വെൽഫെയർ ഫണ്ട് | : | 2,736 |
| | | --------- |
| **ആകെ** | : | **2,87,344**/- |
| | | ========== |

<u>ബിൽ നമ്പർ. 23/26-2-2011 പ്രകാരം</u>

ചെലവഴിച്ച തുക : 3 ലക്ഷം രൂപ

പ്രൊജക്ടിൽ ചെലവഴിച്ച **12,656** രൂപ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്ന് 09/22-4-13 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചു. തുക തിരിച്ച് പിടിച്ച വിവരം അറിയിക്കേണ്ടതാണ്.

**(3-14) <u>പ്രീ-മെട്രിക് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ അധിക ചെലവുണ്ടായത്.</u>**

1) ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ പ്രീ മെട്രിക് ഹോസ്റ്റലിലെ അടിസ്ഥാന സൗകര്യ വർദ്ധനവിന് 2008-09 ലെ 80/09 നമ്പർ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും (ബിൽ 117/2008-09 തിയ്യതി 28-3-09) 2.5 ലക്ഷം രൂപ വിനിയോഗിക്കുന്നുണ്ട്. പ്രൊജക്ടിന്റെ ഭാഗമായി തിരൂരിലെ *ന്യൂടെക് ഏജൻസീസ്* എന്ന സ്ഥാപനം വിതരണം ചെയ്ത ഫർണ്ണിച്ചർ, പുസ്തകങ്ങൾ, ഗ്യാസ് സറ്റൗ തുടങ്ങിയവയുടെ വില നൽകിയതിൽ 2008-09 ലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 9-6-10 ലെ ഡി-80/09 കത്തിൽ സ്ഥാപനത്തോട് **14,984** രൂപ തിരികെ അടവാക്കാൻ ആവശ്യപ്പെടുന്നുണ്ട്. വിതരണം ചെയ്യാത്ത ഗ്യാസ് സ്റ്റൗവിന്റെ വില, ലൈബ്രറി പുസ്തക വില എന്നിവ പ്രകാരമാണ് അധിക ചെലവ് നിശ്ചയിച്ചത്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് നിർവ്വഹണത്തിലെ അധിക ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| 1. ഇൻവോയ്സ് 152/16-3-09 പ്രകാരം വിതരണം ചെയ്യാത്ത ഗ്യാസ് സ്റ്റൗവിന്റെ വില | : 9,400 |
| 2. പൂർണ്ണ പബ്ലിക്കേഷന്റെ എം.എൽ.സി.എസ് 854/ 12-6-09 ബിൽ പ്രകാരം വിലയിൽ 35% ഡിസ്കൗണ്ട് കുറവു ചെയ്യാത്തത് (9096 രൂപയുടെ 35%) | : 3,184 |
| 3. കരാർ നമ്പർ. 7/08-09 തിയ്യതി 15-1-2009 പ്രകാരം കറന്റ് ബുക്സിന്റെ ബിൽ 881/12-6-09 തുക **10,005** രൂപയിൽ നിന്നും കുറവു ചെയ്യേണ്ടത് 8% | : 800 |
| | ------- |
| **ആകെ** | : **13,384 രൂപ** |
| | =========== |

LOCAL FUND AUDIT DEPARTMENT

അധിക ചെലവ് **13,384** രൂപ തിരികെ ഈടാക്കിയ വിവരം ലഭ്യമാക്കാൻ 23/2-5-2013 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. നഷ്ടത്തുക ഈടാക്കാൻ ഉത്തരവാദിയായവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

2) 30 അന്തേവാസികളെവരെ താമസിപ്പിക്കാവുന്ന പ്രീമെട്രിക് ഹോസ്റ്റലിൽ 13 പേർ മാത്രമാണ് നിലവിലുള്ളത്. 2011-12 വർഷത്തിൽ 20 ലക്ഷം രൂപ വിനിയോഗിച്ച നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, ഫ്ളോറിംഗ്, വർക്കുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റലിലെ അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കേണ്ടതാണ്.

**(3-15) കുടിവെള്ള പദ്ധതിയിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല- വികസന ഫണ്ടിൽ നിന്നും 19,533 രൂപ അധികം ചെലവഴിച്ചു.**

പ്രൊജക്ടിന്റെ പേര് : കുന്നത്ത് കുടിവെള്ള കിണർ, മുന്നിയൂർ ഗ്രാമപഞ്ചായത്ത്.

അടങ്കൽ തുക : വികസന ഫണ്ട് : 2 ലക്ഷം രൂപ
: ഗുണഭോക്തൃവിഹിതം : 0.2 ലക്ഷം രൂപ

**ആകെ 2. 2 ലക്ഷം രൂപ**

മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ 13, 14 വാർഡുകളിൽപ്പെട്ട കുന്നത്ത് പറമ്പ്, കുറ്റിയിൽ പള്ളത്ത്, കാടമ്പുറം പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ഏർപ്പെടുത്താനുള്ള പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടമായാണ് 5 മീറ്റർ ആഴവും 6 മീറ്റർ വ്യാസവുമുള്ള തുറന്ന കിണർ നിർമ്മിച്ചത്. പദ്ധതിയുടെ തുടർ പ്രവർത്തനത്തിനായി 2010-11 ൽ പ്രൊജക്ട് നമ്പർ 83, അടങ്കൽ 5 ലക്ഷം രൂപ ആയി തുക വകയിരുത്തിയതാണെങ്കിലും ചെലവുണ്ടായിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ 2008-09 ൽ 38/2-3-09 നമ്പറായി ഗുണഭോക്തൃ സമിതി കൺവീനർ ( ശ്രീ. പി. ഹംസ) കരാർ വെച്ച് പൂർത്തിയാക്കിയ കിണർ നിർമ്മാണ പ്രവൃത്തിയിൽ തുക ചെലവഴിച്ചത് താഴെ പറയും പ്രകാരമാണ്.

| മൂല്യനിർണ്ണയ തുക | തുക ചെലവഴിച്ചത് | അധിക തുക |
|---|---|---|
| (1) | (2) | (3) |
| മൂല്യനിർണ്ണയ തുക : 1,85,960<br>(+) വാറ്റ്+ സെസ് : 7,512<br>വെൽഫെയർ ഫണ്ട്: 1,860 | അഡ്വാൻസ് : 50,000<br>(ബിൽ 113/27-3-09)<br>ഫൈനൽ : 1,45,332<br>ബിൽ ( ബിൽ 379/20-11-10)<br>ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയത് : 1,84,100<br>നികുതി വിഹിതം അടവ് : 11,232 | ആകെ മൂല്യനിർണ്ണയ തുകയിൽനിന്നും ഗുണഭോക്തൃ വിഹിതം കുറവു ചെയ്ത ശേഷം<br>(1,95,332- 19,533)<br>: 1,75,799<br>(-) നികുതി : 11,232<br>കൺവീനർക്ക് അർഹമായത്<br>: 1,64,567<br>അധികം നൽകിയത്<br>: 19,533<br>(1,84,100 - 1,64,567) |
| **ആകെ : 1,95,332** | | |

LOCAL FUND AUDIT DEPARTMENT

അധികം നൽകിയ തുക **19,533** രൂപ കൺവീനറിൽനിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതാണെന്ന് 08/22-4-2013 എൻക്വയറിക്ക് മറുപടിയായി ഓഡിറ്റിനെ അറിയിച്ചു. അധിക തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കുടിവെള്ള വിതരണ പദ്ധതിയ്ക്കായി നിർമ്മിച്ച കിണർ തുടർന്ന് 2010-11, 2011-12 വർഷങ്ങളിൽ ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ പ്രൊജക്ടിനായി ചെലവഴിച്ച ബാക്കി തുക **1,75,799** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## (3-16) മൊബിലൈസേഷൻ അഡ്വാൻസ് മുഴുവനായും ഈടാക്കാത്തതിനാൽ **12,748** രൂപ അധിക ചെലവ്

| | |
|---|---|
| പ്രൊജക്ട് | : 38/08-09 കൊയപ്പപാടത്ത് കുടിവെള്ള കിണർ നിർമ്മാണം |
| അടങ്കൽ | : (വികസന ഫണ്ട്) 2,00,000 |
| | ഗുണഭോക്തൃ വിഹിതം : 20,000 |
| | -------- |
| **ആകെ** | **: 2,20,000** |
| | ======= |

| | |
|---|---|
| കരാർ | : 36/08-09 തിയ്യതി 2-3-09 |
| ഗുണഭോക്തൃ സമിതി കൺവീനർ | : ശ്രീ. ചോലയിൽ സെയ്തലവി. |

1) 2008-09, 2009-10, 2012-13 വർഷങ്ങളിലായി പൂർത്തിയാക്കിയ മേൽ കാണിച്ച പ്രൊജക്ടിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് 27-3-2009 ന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് **50,000** രൂപ മുഴുവനായും ഈടാക്കാതെയാണ് ഫൈനൽ ബിൽ അനുവദിച്ചത്.

| | |
|---|---|
| മൂല്യനിർണ്ണയത്തുക (എം. ബുക്ക് 15/00-01) | : 1,60,251 |
| (+) വാറ്റ് | ; 6,410 |
| വെൽഫെയർ ഫണ്ട് | : 1,603 |
| | -------- |
| ആകെ | : 1,68,264 |
| | ======== |
| (-) നികുതി തുക | : 8,013 |
| 10% ഗുണഭോക്തൃ വിഹിതം | : 16,826 |
| കൺവീനർക്ക് അർഹമായത് | : 1,43,425/- രൂപ |

<u>ചെലവ് വിവരം താഴെ കാണിച്ച പ്രകാരമാണ്.</u>

| | |
|---|---|
| അഡ്വാൻസ് | : 50,000 (27-3-2009) |
| പാർട്ട് ബിൽ | : 68,325 (31-3-2010) |
| ഫൈനൽ ബിൽ | : 37,848 (30-3-2013) |
| | ------ |
| ആകെ | : 1,56,173 |

ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികം നൽകിയത്

1,56,173- 1,43,425 = 12,748 രൂപ

LOCAL FUND AUDIT DEPARTMENT

അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്ന് 15/29-4-13 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചു. തുക ഈടാക്കി അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പ്രൊജക്ടിന്റെ ഒന്നാം ഘട്ടം പൂർത്തിയായതിനാൽ ടാങ്ക്, വിതരണ ലൈൻ, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിന് തുടർ പ്രൊജക്ട് തയ്യാറാക്കുന്നതാണെന്ന് വിശദീകരിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**(3-17) ഐ.എ.വൈ.പദ്ധതിയ്ക്കായി 3. 21 കോടി രൂപ അധികം സൂക്ഷിക്കുന്നത്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) സ്കീമിൽ ബ്ലോക്ക് പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് തെരഞ്ഞെടുത്ത ജനറൽ, എസ്. സി. വിഭാഗത്തിലെ ഗുണഭോക്താക്കളിൽ 2005-06 വർഷം മുതൽ കരാർ വെച്ച പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളതായി കാണുന്നു. ഐ.എ.വൈ നിർവ്വഹണവുമായി ബന്ധപ്പെട്ട രജിസ്റ്റർ, അക്കൗണ്ട് എന്നിവ പരിശോധിച്ചതിൽ 2012 മാർച്ച് 31- ന് പൂർത്തിയാക്കാനുള്ള ഭവന നിർമ്മാണ പ്രവൃത്തികളുടെ വിവരം കേന്ദ്രാവിഷ്കൃത വികസന ഫണ്ടിനത്തിൽ അക്കൗണ്ടിൽ സൂക്ഷിക്കുന്ന തുക വിവരവും താഴെ ചേർക്കുന്നു.

| കരാർ വെച്ച വർഷം | നിർമ്മാണം വിവിധ സ്റ്റേജിൽ പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ വിവരം | | | ആകെ | തുക അനുവദിക്കാനുള്ളത് |
|---|---|---|---|---|---|
| | തറ | ചുമർ | മേൽക്കൂര | | |
| 2005-06 | 1 | 1 | 2 | 4 | 44,000 |
| 2006-07 | - | 4 | 5 | 9 | 1,25,000 |
| 2007-08 | 3 | 8 | 7 | 18 | 6,51,000 |
| 2008-09 | 1 | 6 | 4 | 11 | 2,54,050 |
| 2009-10 | 14 | 6 | 20 | 40 | 18,11,625 |
| 2010-11 | 13 | 12 | 19 | 44 | 13,34,625 |
| 2011-12 | 29 | 44 | 202 | 275 | 1,70,60,125 |
| | | | | **ആകെ** | **2,12,80,425** |

ഐ.എ.വൈ ഫണ്ട് നീക്കിയിരിപ്പ് (അക്കൗണ്ട് നമ്പർ. 587 എസ്.എം.ജി.ബി.) : 3,08,23,505
വികസന ഫണ്ട് നീക്കിയിരിപ്പ് (അക്കൗണ്ട് നമ്പർ. 1308 എസ്എം.ജി.ബി) : 1,54,73,494
----------

2012 മാർച്ച് 31 ലെ ബാലൻസ് : **4,62,96,999 രൂപ**
==============

2011-12 വർഷത്തിൽ പദ്ധതിയിൽ തെരഞ്ഞെടുത്ത് ബ്ലോക്ക് പഞ്ചായത്തുമായി കരാർ വെച്ച എസ്. സി. ഗുണഭോക്താക്കളിൽ 4 പേർക്ക് **37,875** രൂപ നിരക്കിലും 223 ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് **31,250** രൂപ നിരക്കിലും **71,20,250** രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാനുണ്ട്.

മേൽ കാണിച്ച ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാനുള്ളത് കുറവു ചെയ്താൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അക്കൗണ്ടിൽ സൂക്ഷിക്കേണ്ട തുക (2,12,80,425 - 71,20,250) **1,41,60,175** രൂപയും ആയതിന്റെ ബാങ്ക് പലിശയുമാകണം. എന്നാൽ നിലവിൽ കരാർ വെച്ച ഗുണഭോക്താക്കൾക്കായി ( 4,62,96,999 - 1,41,60,175 ) **3,21,36,824** രൂപ അധികമുള്ളതായി കാണുന്നു.

LOCAL FUND AUDIT DEPARTMENT

1) ഐ.എ.വൈ. പദ്ധതിയിൽപ്പെടുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് വിനിയോഗിക്കാനുള്ള കേന്ദ്രഫണ്ട്, വികസന ഫണ്ട് വിഹിതവും 3. 21 കോടി രൂപ അധികം സൂക്ഷിക്കാനുണ്ടായ സാഹചര്യവും ഓഡിറ്റിന് വിശദീകരിക്കുകയുണ്ടായില്ല.

2) ഐ.എ.വൈ. കണക്കിൽ അധികം സൂക്ഷിക്കുന്ന തുക വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമ-ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി പുതിയ നിരക്കിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമെന്ന് 26/4-5-2013 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം- 4
## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### (4-1) സാമ്പത്തിക നില

LOCAL FUND AUDIT DEPARTMENT

| 2008-09 | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഫണ്ട് | | | | | |
| എ | 40,93,257 | 1,77,89,532 | 2,18,82,789 | 1,89,11,044 | 29,71,745 |
| ബി | 0 | 8,85,079 | 8,85,079 | 8,85,079 | - |
| സി | 8,41,559 | 20,80,000 | 29,21,559 | 27,51,333 | 1,70,226 |
| ഡി | 41,74,037 | 34,11,740 | 75,85,777 | 39,12,757 | 36,73,020 |
| ഇ | 17,61,691 | 1,53,13,612 | 1,70,75,303 | 71,24,553 | 99,50,750 |
| എഫ് | 5,43,417 | 7,11,040 | 12,54,457 | 3,73,938 | 8,80,519 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 7,39,953 | 32,41,312 | 39,81,265 | 21,97,445 | 17,83,820 |
| **ആകെ** | 1,21,53,914 | 4,34,32,315 | 5,55,86,229 | 3,61,56,149 | 1,94,30,080 |

| 2009-10 | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഫണ്ട് | | | | | |
| എ | 29,71,745 | 1,94,50,273 | 2,24,22,018 | 1,80,42,450 | 43,79,568 |
| ബി | 0 | 5,56,407 | 5,56,407 | 5,56,407 | 0 |
| സി | 1,70,226 | 24,99,000 | 26,69,226 | 19,40,114 | 7,29,112 |
| ഡി | 36,73,020 | 25,93,007 | 62,66,027 | 30,92,645 | 31,73,382 |
| ഇ | 99,50,750 | 1,83,77,644 | 2,83,28,394 | 99,95,174 | 1,83,33,220 |
| എഫ് | 8,80,519 | 4,49,472 | 13,29,991 | 4,49,999 | 8,79,992 |
| ഗ്രാമപഞ്ചായത്ത് ഐ.എ.വൈ. വിഹിതം | 17,83,820 | 52,17,034 | 7,00,854 | 20,10,303 | 49,90,551 |
| **ആകെ** | 1,94,30,080 | 4,91,42,837 | 6,85,72,917 | 3,60,87,092 | 3,24,85,825 |

| 2010-11 | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഫണ്ട് | | | | | |
| എ | 43,79,568 | 2,83,83,000 | 3,27,62,568 | 2,19,46,244 | 1,08,16,324 |

| | | | | | |
|---|---|---|---|---|---|
| ബി | 0 | 5,77,916 | 5,77,916 | 5,77,916 | 0 |
| സി | 7,29,112 | 27,86,000 | 35,15,112 | 29,59,722 | 5,55,390 |
| ഡി | 31,73,382 | 36,87,723 | 68,61,105 | 37,97,249 | 30,63,856 |
| ഇ | 1,83,33,220 | 2,12,41,387 | 3,95,74,607 | 1,46,29,330 | 2,49,45,277 |
| എഫ് | 8,79,992 | 1,68,873 | 10,48,865 | 2,49,879 | 7,98,986 |
| ഗ്രാമപഞ്ചായത്ത് ഐ.എ.വൈ. വിഹിതം | 49,90,551 | 1,02,22,249 | 1,52,12,800 | 65,94,108 | 86,18,692 |
| **ആകെ** | 3,24,85,825 | 6,70,67,148 | 9,95,52,973 | 5,07,54,448 | 4,87,98,525 |

| **2011-12** | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഫണ്ട് | | | | | |
| എ | 1,08,16,324 | 2,35,81,000 | 3,43,97,324 | 2,57,30,838 | 86,66,486 |
| ബി | 0 | 4,97,740 | 4,97,740 | 4,61,718 | 36,022 |
| സി | 5,55,390 | 21,87,000 | 27,42,390 | 20,59,918 | 6,82,472 |
| ഡി | 30,63,856 | 37,27,203 | 67,91,059 | 59,82,281 | 8,08,778 |
| ഇ | 2,49,45,277 | 3,15,72,209 | 5,65,17,486 | 1,81,79,088 | 3,83,38,443 |
| എഫ് | 7,98,986 | 2,19,391 | 10,18,377 | 4,53,688 | 6,02,169 |
| ഗ്രാമപഞ്ചായത്ത് ഐ.എ.വൈ. വിഹിതം | 86,18,692 | 1,00,32,539 | 1,86,51,231 | 85,07,693 | 1,01,43,538 |
| **ആകെ** | 4,87,98,525 | 7,18,17,082 | 12,06,15,607 | 6,13,75,224 | 5,92,77,908 |

| നീക്കിയിരിപ്പിന്റെ വിശദാംശം | | |
|---|---|---|
| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
| ട്രഷറി | BPFA I | 8,08,778 |
| ട്രഷറി | BPFA II (a) (b) | 86,66,486 |
| ട്രഷറി | BPFA III | 6,82,472 |
| എസ്.ജി.എസ്.വൈ.-എസ്.ബി ടി. ചെമ്മാട് | 570 312 256 20 | 5,54,213 |
| ഐ.എ.വൈ- എസ്.എം.ജി.ബി. ചെമ്മാട് | 587 | 3,64,70,498 |
| ഐ.എ.വൈ. പ്ലാൻ എസ്.എം.ജി.ബി. ചെമ്മാട് | 1308 | 1,01,43,538 |
| സാനിറ്റേഷൻ എസ്.എം.ജി.ബി. ചെമ്മാട് | 1307 | 11,81,249 |
| സാക്ഷരത - | - | 27,137 |
| തനത് ഫണ്ട് എസ്.ബി. ടി. ചെമ്മാട് | 670 375 136 50 | 75,440 |
| ഹാർവെസ്റ്റർ - എസ്.ബി. ടി. തിരൂരങ്ങാടി | 7089 | 5,35,692 |
| ഹരിയാലി | | 1,32,405 |
| | | 5,92,77,908 |

LOCAL FUND AUDIT DEPARTMENT

**(4-2)** ഓഡിറ്റ് റിക്കവറി :

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയ്യതി | ഏത് ഫണ്ടിൽ തിരിച്ചടച്ചു | ചലാൻ നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|---|
| | | വരവ് നഷ്ടം | ചെലവ് നഷ്ടം | | | | |
| 1996-97 | 29 | | 107 | ശ്രീ. ഐ. പി. മണി | ലഭ്യമല്ല | ഡി | പരിശോധനക്ക് ലഭ്യമായില്ല. |
| 1998-99 | - | | 165 | ശ്രീ. ഒ. ജെ. സെബാസ്റ്റ്യൻ | 30-4-09 | ഡി | |
| ,, | | | 217 | ശ്രീ. ഐ. പി. മണി | ,, | ഡി | |

(4-3) ഓഡിറ്റ് പ്രത്യവലോകനം

**എ)** *സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2008-09 | 4,34,32,315 |
| | 2009-10 | 4,91,42,837 |
| | 2010-11 | 6,70,67,148 |
| | 2011-12 | 7,18,17,082 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2008-09 | 3,61,80,173 |
| | 2009-10 | 3,60,87,092 |
| | 2010-11 | 5,07,54,448 |
| | 2011-12 | 6,13,75,224 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 58,321 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 38,94,177 |

**ബി)** ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

LOCAL FUND AUDIT DEPARTMENT

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-13 | | 12,656 | ശ്രീ. പി. കൃഷ്ണൻകുട്ടി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-14 | | 13,384 | ശ്രീ. കെ. ടി . അബ്ദുൽ ഹമീദ്, സെക്രട്ടറി |
| 3-15 | | 19,533 | ശ്രീ. സി. കെ. സേവ്യർ, സെക്രട്ടറി |
| 3-16 | | 12,748 | ശ്രീ. പി. കൃഷ്ണൻകുട്ടി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 58,321 | |

**സി)** <u>തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 2,99,168 | ഉത്തരവാദിത്വം ഒരാളിൽ കൃത്യമായി നിജപ്പെടുത്താൻ സാധിക്കാത്തതിനാൽ ചേർത്തിട്ടില്ല. |
| 3-9 | 1,36,975 | |
| 3-10 | 89,490 | |
| 3-11 | 6,00,000 | |
| 3-12 | 25,92,745 | |
| 3-15 | 1,75,799 | |
| ആകെ | 38,94,177 | |

**ഡി)** കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം : ഇല്ല.

**ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ :
ഖണ്ഡിക 3-2, 3-4, 3-17

**എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻകോഡ് സഹിതം) |
|---|---|---|
| ശ്രീ. കെ. ടി.അബ്ദുൽ ഹമീദ്, സെക്രട്ടറി | മരണപ്പെട്ടു. | |
| ശ്രീ. സി. കെ. സേവ്യർ, സെക്രട്ടറി | വിരമിച്ചു | ചൂരക്കുളത്ത് (ഹൗസ്)<br>ജനതാ ഫെറി റോഡിന് സമീപം,<br>കുമ്പളങ്ങി. പി.ഒ. കൊച്ചി,<br>എറണാകുളം-ജില്ല.<br>9995156127 |
| ശ്രീ. പി. കൃഷ്ണൻകുട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഇപ്പോഴും തുടരുന്നു. | അറവങ്കര, പൂക്കോട്ടൂർ<br>മലപ്പുറം- ജില്ല. |

LOCAL FUND AUDIT DEPARTMENT

**4-3 (ജി)** ഓഡിറ്റ് സംഗ്രഹം

നൽകിയ ഓഡിറ്റ് എൻക്വയറികളുടെ എണ്ണം : 26
മറുപടി ലഭിച്ചതിന്റെ എണ്ണം : 13
മറുപടി ലഭിക്കാത്തവ : 13

(4-4) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97 | എൽ.എഫ്.എം12/56/2000 തിയ്യതി 10-2-2000 | 2 |
| 1997-98 | എൽ.എഫ്.എം12/401/00/ തിയ്യതി 23-9-2000 | 15 |
| 1998-99 | എൽ.എഫ്.എം12/522/00/തിയ്യതി 22-4-02 | 8 |
| 1999-00 | എൽ.എഫ്.എം12/490/00 തിയ്യതി 7-6-07 | 7 |
| 2000-01 | എൽ.എഫ്.എം17/53/06 തിയ്യതി 17-6-06 | 16 |
| 2001-02 | എൽ.എഫ്.എം14/672/06 തിയ്യതി 29-3-07. | 6 |
| 2002-03 | എൽ.എഫ്.എം17/1693/06 തിയ്യതി 14-3-07 | 3 |
| 2003-04 | എൽ.എഫ്.എം17/931/07 തിയ്യതി 14-1-08 | 13 |
| 2004-05 | എൽ.എഫ്.എം17/932/07 തിയ്യതി 7-5-08 | 6 |
| 2005-06 | എൽ.എഫ്.എം17/276/10 തിയ്യതി 4-10-10 | 5 |
| 2006-07 | എൽ.എഫ്.എം17/277/10 തിയ്യതി 4-10-10 | 9 |
| 2007-08 | എൽ.എഫ്.എം17/278/10 തിയ്യതി 7-10-10 | 30 |

LOCAL FUND AUDIT DEPARTMENT

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(4-5)** ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം. :

**എ)** *ചാർജ്/സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം* : ഇല്ല

**ബി)** *ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ/ഈടാക്കിയ തുകയുടെ വിവരം:* ഇല്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്,
മലപ്പുറം.

ആർ. 8/13

LOCAL FUND AUDIT DEPARTMENT